Janayugom
20.10.17

# ലിപ്പാരിസ് സനാ മലബാറിക്ക: വയനാടൻ മഴക്കാടുകളിലെ പുതിയ സസ്യം

കൽപറ്റ: ജൈവ സമ്പത്തിന്റെ കലവറയായ പശ്ചിമഘട്ട മല നിരകളിലെ വയനാടൻ മഴക്കാടുകളിൽ പുതിയ ഇനം സസ്യത്തെ കണ്ടെത്തി. ഓർക്കിഡ് കുടുംബത്തിലെ മനോഹരമായ പൂക്കളുണ്ടാകുന്ന ലിപ്പാരിസ് ജനുസ്സിൽ പെട്ടതാണിത്. സസ്യവൈവിധ്യങ്ങളാൽ സമ്പന്നമായ മലബാർ പ്രദേശത്തെ പ്രതിനിധീകരിക്കുന്നതും 'അതീവ സുന്ദരമായ' എന്ന് അർത്ഥം വരുന്ന അറബി നാമവും ചേർത്താണ് ഇതിന് ലിപ്പാരിസ് സനാമലബാറിക്ക എന്ന നാമം നൽകിയിട്ടുള്ളത്.

വയനാട്ടിലെ ഓർക്കിഡുകളെക്കുറിച്ചുള്ള പഠനത്തിൽ ഇതുവരെ 181ൽപ്പരം ഓർക്കിഡുകളെയാണ് കണ്ടെത്തിയിട്ടുള്ളത്. ഇതിൽ ലിപ്പാരിസ് ജനുസിൽ പെട്ട 14ൽ പരം സസ്യങ്ങളുണ്ട്. നിത്യഹരിത വനങ്ങളിലെ മരങ്ങളിൽ കൂട്ടമായി പറ്റിപ്പിടിച്ച് വളരുന്ന ഈ സസ്യങ്ങൾക്ക് സാധാരണ ഗതിയിൽ ഒരിലയും ഇലയുടെ അരികുകൾ കീറിയത് പോലെ ഉള്ളവയുമാണ്. ഈ ചെടിയുടെ അടിവശം ഉരുണ്ട കാണ്ഡവുമാണ്. അപൂർവ്വങ്ങളിൽ പെട്ട ഈ സസ്യത്തിന്റെ സ്ഥാനം അതീവ സംരക്ഷണ പ്രാധാന്യമുള്ള സസ്യങ്ങളുടെ പട്ടികയിലാണ് പെടുത്തിയിരിക്കുന്നത്.


ലിപ്പാരിസ് സനാ മലബാറിക്ക

എം എസ് സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷനിലെ മുതിർന്ന സാങ്കേതിക വിഭാഗം ജീവനക്കാരനായ പിച്ചൻ എം സലീമാണ് ലോക സസ്യശാസ്ത്രത്തിലേക്ക് ഈ പുതിയ സസ്യത്തിന് ഇടം നൽകിയത്. റിസർച്ച് ഫൗണ്ടേഷനിലെ മുതിർന്ന ഗവേഷകനും സ്ഥാപന മേധാവിയുമായ ഡോ. വി ബാലകൃഷ്ണനാണ് പഠന പ്രവർത്തനങ്ങളുടെ ഏകോപനം. ഇത് സംബന്ധിച്ച ഗവേഷണത്തിന്റെ പൂർണ്ണ രൂപം തായ്‌വാനിയ എന്ന അന്താരാഷ്ട്ര ജേണലിന്റെ പുതിയ ലക്കത്തിലാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്.